കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- മുൻ വനിതാക്ഷേമ ഓഫീസർ ശ്രീമതി.കെ.എൻ.പൊന്നമ്മക്കെതിരെയുള്ള അച്ചടക്ക നടപടി - കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 462/2018 ന്റെ 21/02/2018-ലെ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട്-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2286/2018/ തസ്വഭവ തിരുവനന്തപുരം,തീയതി: 19/08/2018**

---

പരാമർശം :- 1. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് വിഭാഗം കോട്ടയം ജില്ലാ പഞ്ചായത്തിലെ പൊൻകുന്നം ഡിവിഷനിലെ കുടുംബശ്രീ യൂണിറ്റിലെ ക്രമക്കേടുകൾ സംബന്ധിച്ച് 09/01/2006-ൽ നടത്തിയ അന്വേഷണ റിപ്പോർട്ട്.

2. മുൻ കോട്ടയം ജില്ലാ വനിതാക്ഷേമ ഓഫീസർ ശ്രീമതി.കെ.എൻ.പൊന്നമ്മയ്ക്ക് സർക്കാരിൽ നിന്നും നൽകിയ 16/08/2006-ലെ 4700/ഇബി4/06/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും.
3. ശ്രീമതി.കെ.എൻ.പൊന്നമ്മ ഗ്രാമവികസന കമ്മീഷണർ മുഖേന സമർപ്പിച്ച 30/09/2006-ലെ പ്രതിവാദപത്രിക.
4. ഗ്രാമവികസന കമ്മീഷണറുടെ 10/07/2007-ലെ 18212/എസ്റ്റാ.എ 2/06/ സിആർഡി നമ്പർ കത്ത്.
5. ശ്രീമതി.കെ.എൻ.പൊന്നമ്മയ്ക്ക് സർക്കാരിൽ നിന്നും നൽകിയ 09/08/2006 ലെ 31237/ഇആർബി1/07/തസ്വഭവ നമ്പർ നോട്ടീസ്.
6. ശ്രീമതി.കെ.എൻ.പൊന്നമ്മയുടെ 07/11/2007-ലെ മറുപടി.
7. ശ്രീമതി.പൊന്നമ്മ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 31359/2007-ലെ 23/10/2007-ലെ വിധിന്യായം.
8. ഗ്രാമവികസന കമ്മീഷണറുടെ 17/04/2008-ലെ എസ്റ്റാ.എ 3/865/2007/ സിആർഡി നമ്പർ നടപടിക്രമം.
9. ഗ്രാമവികസന കമ്മീഷണറുടെ 29/08/2008-ലെ 18212/എസ്റ്റാ.എ 2/06/ സിആർഡി നമ്പർ കത്ത്.
10. സിസി/243/2008 നമ്പർ കേസിലെ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ 28/02/2017-ലെ ഉത്തരവ്.
11. ശ്രീമതി.കെ.എൻ.പൊന്നമ്മയുടെ 30/05/2017-ലെ അപേക്ഷ.
12. ശ്രീമതി.കെ.എൻ.പൊന്നമ്മ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 462/2018-ലെ 21/02/2018-ലെ ഉത്തരവ്.

**ഉത്തരവ്**

കോട്ടയം ജില്ലാപഞ്ചായത്തിലെ പൊൻകുന്നം ഡിവിഷനിലെ 29 കുടുംബശ്രീ യൂണിറ്റുകൾക്ക് ധനസഹായം അനുവദിച്ചതിൽ ക്രമക്കേടുകൾ നടന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ

കേരളാ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് വിഭാഗം അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. ശ്രീമതി.കെ.എൻ.പൊന്നമ്മ, കോട്ടയം ജില്ലാ വനിതാക്ഷേമ ഓഫീസറായിരിക്കെ കോട്ടയം ജില്ലാ പഞ്ചായത്ത് 2003-04 സാമ്പത്തിക വർഷത്തിൽ പൊൻകുന്നം ഡിവിഷനിലെ 29 കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി അനുവദിച്ച 2,90,000/- രൂപാ, പദ്ധതിയുടെ നടത്തിപ്പിലെ കുറ്റകരമായ അനാസ്ഥ മൂലം നഷ്ടപ്പെട്ടതായി ഓഡിറ്റ് വിഭാഗം കണ്ടെത്തിയിരുന്നു. പെർഫോർമൻസ് ഓഡിറ്റിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ മുൻ കോട്ടയം ജില്ലാവനിതാക്ഷേമ ഓഫീസറായിരുന്ന ശ്രീമതി.കെ.എൻ.പൊന്നമ്മയ്ക്കെതിരെ 1960 ലെ കെസിഎസ് (സിസി&എ) ചട്ടം 16 പ്രകാരം ഗ്രാമ വികസന കമ്മീഷണർ അച്ചടക്ക നടപടി സ്വീകരിക്കുകയും പിന്നീട് പരാമർശം (2) പ്രകാരം സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തു. പരാമർശം (3) പ്രകാരം ശ്രീമതി.കെ.എൻ.പൊന്നമ്മ പ്രതിവാദപത്രിക സമർപ്പിച്ചു പ്രതിവാദ പത്രികയിൽ തനിയ്ക്കെതിരെയുള്ള ആരോപണങ്ങൾ ടിയാരി നിഷേധിച്ചു. പൊൻകുന്നം ഡിവിഷനിലെ ആനുകൂല്യത്തിന് തെരഞ്ഞെടുത്ത സ്വാശ്രയസംഘങ്ങളുടെ ധനസഹായത്തിനുള്ള അപേക്ഷ താൻ പരിശോധിച്ചിരുന്നുവെന്നും ഡിവിഷനിലെ അംഗങ്ങൾ ശിപാർശ ചെയ്ത അപേക്ഷകൾ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റി അംഗീകരിച്ചതിനുശേഷം മാർച്ച് 29, 30 തീയതികളിൽ മാത്രമാണ് തനിക്ക് ലഭിച്ചതെന്നും സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 1 ദിവസം ശേഷിയ്ക്കെ വനിതാഘടക പദ്ധതികളുടെ വിഹിതം ലാപ്സാക്കരുതെന്നുള്ള ജില്ലാ പഞ്ചായത്തിന്റെ നിരന്തരമുള്ള ആവശ്യപ്രകാരവും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ വിശ്വാസത്തിലെടുത്തു കൊണ്ടും അപേക്ഷകൾ അംഗീകരിച്ച് നൽകുവാൻ നിർബന്ധിതയായിത്തീരുകയാണുണ്ടായതെന്നും ടിയാരി ബോധിപ്പിച്ചു. കരാറിലെ വ്യവസ്ഥകൾ പ്രകാരം നൽകേണ്ട വിനിയോഗ സാക്ഷ്യപത്രം ഡിവിഷനിലെ 29 സംഘങ്ങളിൽ നിന്നും താൻ ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും, സംഘങ്ങളിലെ അംഗങ്ങൾ പരാതിയുമായി വരുമ്പോൾ മാത്രമാണ് സംഘങ്ങൾക്ക് പദ്ധതി പ്രകാരമുള്ള സഹായം ലഭിച്ചിരുന്നില്ലെന്ന് താൻ അറിഞ്ഞതെന്നും തന്റെ നിരപരാധിത്വം മനസ്സിലാക്കിയ ജില്ലാപഞ്ചായത്ത് കമ്മിറ്റി ഇതു സംബന്ധിച്ച് പോലീസിൽ പരാതി നൽകിയിട്ടുള്ളതായും അറിയാൻ കഴിഞ്ഞതായി ബോധിപ്പിക്കുകയും ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. അച്ചടക്ക നടപടിയുടെ ഭാഗമായി 16/05/2007-ന് സർക്കാർ ടിയാളെ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗ് വേളയിലും പ്രതിവാദപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ടിയാരി ആവർത്തിച്ചു.

കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനു വേണ്ടിയുള്ള പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ 2,90,000/- (രണ്ട് ലക്ഷത്തി തൊണ്ണൂറായിരം രൂപ) രൂപ സർക്കാരിന് നഷ്ടം സംഭവിച്ചതായി പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട്

ചെയ്തു. ശ്രീമതി.കെ.എൻ.പൊന്നമ്മ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാൾ സർക്കാരിനു വരുത്തിയ 2,90,000/- (രണ്ട് ലക്ഷത്തി തൊണ്ണൂറായിരം രൂപ) രൂപ ടിയാളിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ച് പരാമർശം (5) പ്രകാരം ടിയാൾക്ക് നോട്ടീസ് നൽകി. പരാമർശം (6) പ്രകാരം ടിയാൾ മറുപടി സമർപ്പിക്കുകയും തുക ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ഇതേ സമയം ശ്രീമതി.കെ.എൻ.പൊന്നമ്മ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C)31359/2007-ലെ പരാമർശം (7) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാരിക്ക് പ്രൊവിഷണൽ പെൻഷൻ അനുവദിച്ചു

പദ്ധതി നടത്തിപ്പിലെ കെടുകാര്യസ്ഥത സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നതായി പരാമർശം (9) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു. വിജിലൻസ് കേസിന്റെ തീർപ്പിനു വിധേയമായി മാത്രമേ അച്ചടക്ക നടപടി തീർപ്പാക്കാൻ കഴിയൂ എന്നതിനാൽ ശ്രീമതി.കെ.എൻ.പൊന്നമ്മയ്ക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നില്ല. ടിയാൾക്കെതിരെ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത സിസി.243/2008 നമ്പർ കേസിന്റെ പരാമർശം (10) ലെ വിധിയിൽ ശ്രീമതി.കെ.എൻ.പൊന്നമ്മയെ കുറ്റവിമുക്തയാക്കിക്കൊണ്ട് ഉത്തരവായി.

തനിയ്ക്കെതിരെയുള്ള ആരോപണങ്ങളിൽ നിന്ന് വിജിലൻസ് കോടതി തന്നെ കുറ്റവിമുക്തനാക്കിയിട്ടുള്ളതിനാൽ തനിക്ക് ലഭിക്കേണ്ട സർവ്വീസ് ആനുകൂല്യങ്ങൾ പലിശയുൾപ്പെടെ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (11) പ്രകാരം ശ്രീമതി.കെ.എൻ.പൊന്നമ്മ സർക്കാരിൽ നിവേദനം നൽകി. അതേ സമയം ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ (ഇകെഎം) 462/2018 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസിലെ ബഹു.ട്രൈബ്യൂണലിന്റെ 21/02/2018-ലെ ഉത്തരവിൽ ടിയാരിയുടെ പരാമർശം (11) ലെ നിവേദനം, വിജിലൻസ് കോടതിയുടെ പരാമർശം (10) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് അപേക്ഷകയെ നേരിൽ കേട്ട് 3 മാസത്തിനുള്ളിൽ സർക്കാർ തീരുമാനമെടുക്കണമെന്ന് ഉത്തരവായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.കെ.എൻ.പൊന്നമ്മയ്ക്കെതിരെ രജിസ്റ്റർ ചെയ്ത സിസി.243/2008 നമ്പർ വിജിലൻസ് കേസിൽ നിന്നും ടിയാരിയെ കുറ്റവിമുക്തയാക്കിയിട്ടുള്ളതിനാലും ടിയാരിക്കെതിരെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം സ്വീകരിച്ചിട്ടുള്ള വകുപ്പുതല നടപടിയിൽ ടിയാരി കുറ്റക്കാരിയല്ലെന്നു കാണുന്നതിനാലും ടിയാരിയെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു. ശ്രീമതി.കെ.എൻ.പൊന്നമ്മയെ കുറ്റ വിമുക്തയാക്കിയ സാഹചര്യത്തിൽ ടിയാൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അടിയന്തരമായി അനുവദിക്കുന്നതിനു വേണ്ട നടപടികൾ ഗ്രാമവികസന കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (ഇകെഎം) 462/2018- ലെ 21/02/2018- ലെ ഉത്തരവ് ഇപ്രകാരം തീർപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ.എം**

**അണ്ടർ സെക്രട്ടറി**

1) ശ്രീമതി.കെ.എൻ.പൊന്നമ്മ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (റിട്ട.), മായിത്തറവീട്, വള്ളം (പി.ഒ), കോട്ടയം-7
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
4) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
5) വിജിലൻസ് വകുപ്പ് (29/05/2018- ലെ ഡി1/187/2017/ വിജ് നമ്പർ കത്ത് പ്രകാരം)
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ